## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2598** **19.12.2012 ൽ മറുപടിയ്ക്ക്**

## മുല്ലപ്പെരിയാർ വിദഗ്ദ്ധ സമിതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ. ടി.എം തോമസ് ഐസക്<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ.രാധാകൃഷ്ണൻ | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് വിദഗ്ദ്ധ സമിതി സുപ്രീം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും ആധാര രേഖകളുടെയും പകർപ്പ് ലഭിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. എംപവേർഡ് കമ്മിറ്റി റിപ്പോർട്ടിന്റെയും ആധാര രേഖകളുടെയും പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇവ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് അറിയിക്കുമോ; കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ബി) | മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാനത്തിന്റെ താൽപര്യം പൂർണ്ണമായും സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ നിലപാട്. അതിനായി ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിന്മേൽ നിയമ വിദഗ്ദ്ധരും സാങ്കേതിക വിദഗ്ദ്ധരുമായി ആലോചിച്ച് സംസ്ഥാനത്തിന്റെ താൽപര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |
| (സി) പുതിയ അണക്കെട്ടിനായുള്ള പഠന പുരോഗതി അറിയിക്കുമോ; | (സി) | പുതിയ ഡാമിനു വേണ്ടിയുള്ള സർവേയും ഇൻവെസ്റ്റിഗേഷനും പൂർത്തിയായി പുതിയ ഡാമിന്റെ ഫീസിബിലിറ്റി റിപ്പോർട്ടും ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ടും ഉന്നതാധികാര സമിതിക്കും കേന്ദ്ര സർക്കാരിനും സമർപ്പിച്ചിട്ടുണ്ട്.<br><br>പുതിയ ഡാം നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി പദ്ധതി പ്രദേശത്തെ പരിസ്ഥിതി ആഘാത പഠനം (EIA) നടത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പഠനം നടത്തുന്നതിനു കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി (NOC) ആവശ്യമാണ്. ആയതിനുള്ള അപേക്ഷ സംസ്ഥാന വൈൽഡ് ലൈഫ് |

| | | |
|---|---|---|
| | | ബോർഡിന്റെ (SBWL) അംഗീകാരം ലഭിച്ചതിനു ശേഷം വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ (NBWL) അംഗീകാരത്തിനായി സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>കൂടാതെ പരിസ്ഥിതി ആഘാത പഠനത്തിന് വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും അംഗീകാരം കിട്ടി കഴിഞ്ഞാൽ പെരിയാർ ടൈഗർ റിസർവ്വ് (പി.റ്റി.ആർ) ൽ ഡാം നിർമ്മാണത്തിന് ആവശ്യമുള്ള സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതിന് വനം പരിസ്ഥിതി മന്ത്രാലയത്തിൽ അപേക്ഷ സമർപ്പിക്കുവാനും ഉദ്ദേശിക്കുന്നു. നിയമപരമായ അംഗീകാരം (സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ്) ലഭ്യമായി കഴിഞ്ഞാൽ ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതനുസരിച്ച് മാത്രമേ പുതിയ ഡാമിന്റെ നിർമ്മാണം തുടങ്ങുവാൻ കഴിയുകയുള്ളു. പുതിയ ഡാമിന്റെ മോഡൽ സ്റ്റഡി, ഡൈനാമിക് അനാലിസിസ് എന്നിവ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) അന്തർ സംസ്ഥാന ജല ഉപദേശക സമിതി അംഗം രാജി വെയ്ക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ? | (ഡി) | രാജിക്കത്തു ലഭിച്ചിട്ടുണ്ട്. അതിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല |

(ഒപ്പ്)

സെക്ഷൻ ഓഫീസർ